## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 26.11.2025 മുതൽ 30.11.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2025, (94) വെള്ളിയാഴ്ച | തീയ്യതി 25/11/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 26.11.2025 | 27.11.2025 | 28.11.2025 | 29.11.2025 | 30.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.4 | 0.2 | 0.1 | 0.1 | 0.1 |
| ഉയർന്ന താപനില (°C) | 30 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 320 | 320 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 4 | 4 | 4 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) കതിരു വരുന്ന പരുവം | ഓലച്ചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാ നിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| | ബ്ലാസ്റ്റ് രോഗം | അന്തരീക്ഷ ആർദ്രതയും, മഞ്ഞും കൂടിവരുന്നതിനാൽ നെല്ലിൽ ബ്ലാസ്റ്റ് രോഗം കാണാൻ സാധ്യതയുണ്ട്. നെല്ലിൽ ബ്ലാസ്റ്റ് രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. |
| വാഴ | മാണവണ്ട് | വാഴയിൽ മാണവണ്ടിന്റെ ഉപദ്രവം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി തോട്ടം ശുചിയായി സൂക്ഷിക്കുക. കൂടാതെ തയൊമെത്തോക്സാം 2 ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി പിണ്ടിയിൽ തളിച്ചു കൊടുക്കുകയോ, തടത്തിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാവുന്നതാണ്. |
| കുരുമുളക് | പൊള്ളു രോഗം | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ കുരുമുളക് ചെടികളിൽ പൊള്ളുരോഗം കാണാൻ സാധ്യതയുണ്ട്. തോട്ടത്തിലെ തണൽ ക്രമീകരിക്കുകയും, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS, KVASU, Mannuthy)